കേരള സർക്കാർ

# നിർഭയ

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാർ നയപരിപാടിയുടെ രൂപരേഖ**

സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റ്

2012

# നിർഭയ

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാർ നയപരിപാടിയുടെ രൂപരേഖ

3/1883/2012/DTP.

# സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാർ നയപരിപാടിയുടെ കരട് രൂപരേഖ

[13-3-2012-ലെ ജി. ഒ. (എംഎസ്.) 17/2012/സാ.ക്ഷേ.വ. ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ചത്]

## ആമുഖം

സ്ത്രീസാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം എന്നീ കാര്യങ്ങളിൽ ഇൻഡ്യയിൽ അത്യുന്നത നിലവാരം കൈവരിച്ച സംസ്ഥാനം എന്ന പ്രത്യേക പദവി കേരളത്തിനുണ്ട്. മാതൃശിശു മരണനിരക്കുകൾ ഏറ്റവും കുറഞ്ഞ സംസ്ഥാനവും കേരളം തന്നെയാണ്. ഒപ്പംതന്നെ നമ്മുടെ സ്ത്രീ പുരുഷ അനുപാതവും അസൂയാവഹമാണ്. എന്നാൽ സാമൂഹിക രംഗത്ത് സ്ത്രീകൾ കഠിനമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന സംസ്ഥാനവും ഇതാണ്. സർവകലാശാലാ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നതായിട്ടുകൂടിയും രാഷ്ട്രീയ, സാംസ്ക്കാരിക, സാഹിത്യ, സാമൂഹിക മണ്ഡലങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം തുലോം പരിമിതമാണ്. ആത്മഹത്യകളും വിഷാദരോഗവും ഏറ്റവുമധികം രേഖപ്പെടുത്തുന്ന സംസ്ഥാനമാണ് കേരളം. തൊഴിൽ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തനിരക്ക് വളരെ താണതാണ്. സ്ത്രീപുരുഷബന്ധങ്ങളെ കുറിച്ചുള്ള തെറ്റായ ധാരണകൾ സ്ത്രീകൾക്കെതിരായ പീഢനങ്ങൾ, ബലാൽസംഗങ്ങൾ തുടങ്ങിയ അതിക്രമങ്ങൾക്ക് വഴിതെളിക്കുന്നു. സമൂഹമദ്ധ്യത്തിൽ ഇതിനാൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വത്തെപ്പറ്റിയുള്ള ആശങ്കകൾ ഉളവാക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. അതിനാൽ സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടുന്ന സമൂഹം ഒന്നടങ്കം ഇതിനെ നേരിടേണ്ടതാണ്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി സ്ത്രീകളേയും കുട്ടികളേയും ലൈംഗിക ആവശ്യങ്ങൾക്കായി കടത്തിക്കൊണ്ടുപോകൽ വർദ്ധിച്ചുവരുന്നു. ഇവ പ്രാദേശികമായി നടക്കുന്നതു കൂടാതെ അന്തർജില്ലാതലങ്ങളിലും അന്തർസംസ്ഥാനതലങ്ങളിലും, വീടുകളിൽ പോലും നടക്കുന്നുവെന്നത് ഗൗരവമായ സാമൂഹ്യ

പ്രശ്നമാണ്. മറ്റു സംസ്ഥാനങ്ങളിൽ ദാരിദ്ര്യമാണ് ഇതിനു പ്രധാനഹേതുവെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ ഇതിന്റെ പ്രേരകശക്തി വർദ്ധിച്ചുവരുന്ന ഉപഭോഗഭ്രമമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യത്വരഹിതമായ ഈ അതിക്രമങ്ങളുടെ ഇരകൾ പലപ്പോഴും ചെറിയ കുട്ടികൾ ആണെന്നതും വേദനാജനകമാണ്.

ഉപജീവനത്തിനായി കേരളത്തിനകത്തേക്കും പുറത്തേക്കുമായി സ്ത്രീകളുടേയും പുരുഷൻമാരുടേയും വലിയ തോതിലുള്ള കുടിയേറ്റം നടക്കാറുണ്ട്. അവിദഗ്ധ തൊഴിലാളികളായി പോകുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും വിദേശത്ത് ചൂഷണത്തിന് സാധ്യതയുണ്ടെങ്കിലും സ്ത്രീകൾ ലൈംഗിക അതിക്രമങ്ങൾക്കിരയാകാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. അതോടൊപ്പം ഒറീസ, ബീഹാർ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ ദരിദ്ര വിഭാഗത്തിന് ജോലിസാധ്യതയുടെ വിളനിലമായി കേരളം മാറിയിരിക്കുന്ന സാഹചര്യത്തിൽ അവിടെ നിന്നുവരുന്ന ഗണ്യമായ ഒരു വിഭാഗം കുട്ടികൾ നിർബന്ധിത ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നു.

ശിക്ഷാഭീതിയില്ലാത്ത കുറ്റവാളികളും, ദുർബ്ബലമായ നീതിന്യായ വ്യവസ്ഥയും, ലഘുവായ ശിക്ഷാരീതിയും ചേർന്ന അവസ്ഥ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

ലൈംഗിക പീഡന പ്രശ്നങ്ങളിൽ പ്രത്യേകം ജാഗ്രത പുലർത്തുന്ന വിവിധ ഏജൻസികളും സംഘടനകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സെൽ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, മഹിളാ സമഖ്യ എന്നിവരും വിവിധ സന്നദ്ധ സംഘടനകളും രക്ഷാപുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നുവെങ്കിലും ഇനിയും വളരെയേറെ ചെയ്യാനുണ്ട്. സംസ്ഥാനത്തിനുള്ളിലും പുറത്തുമുള്ള തല്പരരായ വ്യക്തികളെ സംഘടിപ്പിക്കേണ്ടതും സാമൂഹ്യ ഇടപെടലുകൾ കൂടുതൽ ശക്തമാക്കി ഇത്തരം ദുഷ്പ്രവണതകളെ തടയേണ്ടതുമാണ്.

## II. അടിയന്തിരവും വ്യക്തവുമായ ഇടപെടലിന്റെ അവശ്യകത

1. സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന വർദ്ധിച്ച ലൈംഗിക അതിക്രമങ്ങളും, ചൂഷണവും അവരുടെ വ്യക്തിപരവും, സാമൂഹ്യവുമായ സുരക്ഷിതത്വമില്ലായ്മയ്ക്ക് നേരെ ഉയരുന്ന ചോദ്യച്ചിഹ്നങ്ങളാകുന്നു.

2. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്ന അനവധി സംഭവങ്ങൾ വ്യക്തമാക്കുന്നത്, അടുത്ത ബന്ധത്തിലുള്ള കുടുംബാംഗങ്ങളും പരിചയക്കാരായ വ്യക്തികളുമാണ് ഇവയുടെ പിന്നിലെ കുറ്റവാളികൾ എന്നാണ്. ഇക്കാരണത്താൽ, ചൂഷണത്തിന് ഇരയാകുന്നവർ സംഭവിച്ച കാര്യം പുറത്ത് പറഞ്ഞ് നിയമപരമായ പരിഹാരം തേടുവാൻ വൈമനസ്യം കാണിക്കുന്നു. കുടുംബത്തിന്റെ അഭിമാനം, അന്തസ്സ്, കുറ്റബോധം, അപമാനം എന്നിവയാൽ അത്തരം പീഡിത വ്യക്തികൾക്ക് എല്ലാം നിശ്ശബ്ദമായി സഹിക്കേണ്ടതായും പീഡനത്തിന്റെ തീവ്രയാതനകൾ പേറി നീണ്ടകാലം കഴിയേണ്ടതായും വരുന്നു. വീടിന് പുറത്ത് സംരക്ഷണവും പുനരധിവാസവും നൽകുവാനുള്ള ഏർപ്പാടുകളുടെ അപര്യാപ്തതമൂലം ഒരു പീഡിത വ്യക്തിക്ക് ആവശ്യമായ സഹായമോ നീതിയോ തേടുന്നതിനുള്ള പോംവഴികൾ ലഭിക്കുന്നില്ല.

3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും ലൈംഗിക വാണിഭവും കേവലം മനുഷ്യാവകാശ ലംഘനങ്ങൾക്ക് മാത്രമല്ല ഇടയാക്കുന്നത്. അവ, പീഡിത വ്യക്തികൾക്ക് വളരെയധികം പ്രതികൂലമായ, ശാരീരികവും മാനസികവും മന:ശാസ്ത്രപരവും ധാർമ്മികവുമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നുണ്ട്. ഈ പ്രത്യാഘാതങ്ങൾ ഗുരുതരവും, ജീവിതാവസാനംവരെ നീണ്ടുനിൽക്കുന്നവയും ജീവനുതന്നെ ഭീഷണി ഉയർത്തുന്നവയുമാണ്.

4. ഏതാണ്ട് 60 മുതൽ 70 വരെ ശതമാനം പീഡിത വ്യക്തികൾ ഒന്നിലധികം രോഗങ്ങൾ ബാധിച്ചവരാണ്. എച്ച്.ഐ.വി., എയ്ഡ്സ് എന്നിങ്ങനെയുള്ള ലൈംഗികരോഗങ്ങൾ ഇക്കൂട്ടത്തിൽപ്പെടും. രക്ഷപ്പെടുന്ന പീഡിതകളാകട്ടെ മിക്കവാറും നിർദ്ധനരും, ശാരീരികാസ്വാസ്ഥ്യം അനുഭവിക്കുന്നവരും മാനസികമായി തകർന്നവരുമായിരിക്കും.

5. സാമൂഹ്യനിലപാടുകൾ, വീക്ഷണങ്ങൾ, നിരാകരിക്കൽ, ഒറ്റപ്പെടുത്തൽ എന്നിവമൂലം പീഡിതർ പലപ്പോഴും തങ്ങളുടെ സ്വാഭിമാനം വീണ്ടെടുക്കാനാകാതെ പഴയ പാതയിലേക്ക് തന്നെ പോകുവാൻ നിർബന്ധിതരാകുന്നു.

6. അന്തർസംസ്ഥാന ഏകോപന സംവിധാനങ്ങളുടെ അഭാവവും, പുനരധിവാസ സംവിധാനങ്ങളിലുള്ള അപര്യാപ്തതയും (പ്രത്യേകിച്ച് ഭാഷ) അന്യസംസ്ഥാന പീഡിതകളുടെ പുനരേകീകരണത്തിന് തടസ്സമാകുന്നു. അവർക്ക് ആവശ്യമായ സഹായം ലഭിക്കാതെ പുനരധിവാസ സ്ഥാപനങ്ങളിൽ ദീർഘകാലം കഴിയേണ്ടിവരുന്നു.

7. ലൈംഗികാതിക്രമങ്ങളിലും വാണിഭങ്ങളിലും ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണത്തിലെ കുറവ്, കേസുകളുടെ നടത്തിപ്പിലുള്ള കാലവിളംബം, ശിക്ഷാ ഭീതിയില്ലാത്ത അവസ്ഥ ഇവ കുറ്റകൃത്യങ്ങൾക്ക് പ്രോത്സാഹനമാകുന്നു.

8. ഈ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള പ്രതിരോധം, സംരക്ഷണം, ശിക്ഷ എന്നീ മേഖലകളിൽ സംസ്ഥാനതലത്തിൽ തന്നെ അനുയോജ്യമായ ഇടപെടലുകൾ ശക്തിപ്പെടുത്തേണ്ടതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി മുൻഗണനാടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുമാണ്.

## III. ഇടപെടലിനുള്ള മേഖലകൾ

1. അധികാരം പുരുഷകേന്ദ്രീകൃതമായ എല്ലാ ദേശങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമസ്വഭാവം അടിസ്ഥാനപരമായി തന്നെ കാണാവുന്നതാണ്. ലിംഗപരമായ ഈ അസമത്വവും സമൂഹത്തിലെ മദ്യാസക്തി മുതലായ ദോഷങ്ങളും സ്ത്രീകളേയും കുട്ടികളേയും സ്വന്തം വീടുകളിലും പൊതു സ്ഥലങ്ങളിലും വേട്ടയാടുന്നു. അതിനുപുറമേ ആൺകുട്ടികളുടെ നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തിരിച്ചറിയാതെയും ഗ്രഹിക്കപ്പെടാതെയും പോകുന്നതിനാൽ ഉണ്ടാകുന്ന വ്യാപകമായ പ്രത്യാഘാതങ്ങൾ നിമിത്തം പീഡിതരായ ആൺകുട്ടികൾ ലൈംഗിക കുറ്റവാളികളായി വളരുവാൻ ഇടയാകുന്നു.

2. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും ലൈംഗിക വാണിഭവും ബഹുമുഖ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾ വൈവിദ്ധ്യമാർന്നവയും, അത്യന്തം സങ്കീർണവും, സാമ്പത്തിക, സാമൂഹ്യ, വിദ്യാഭ്യാസ, വികസന, സാംസ്കാരിക വിഷയങ്ങളിലൊട്ടാകെ വ്യാപിച്ചു കിടക്കുന്നവയുമാണ്. ലൈംഗിക പീഡനത്തിന് ഇരയാകുന്നവരിൽ മിക്കവരും തൊഴിൽ, ഔദ്യോഗിക രംഗത്തിലെ ഉയർച്ച, വിവാഹം എന്നീ വാഗ്ദാനങ്ങളാൽ വഞ്ചിതരായി ലൈംഗികവാണിഭത്തിൽ അകപ്പെട്ടുപോകുന്നവരാണ്. ചിലരെയാകട്ടെ, ബ്ലാക്ക്മെയിൽ ചെയ്തോ, ഭീഷണിപ്പെടുത്തിയോ അല്ലെങ്കിൽ തട്ടിക്കൊണ്ടുപോയോ ലൈംഗികവാണിഭത്തിൽ ബലം പ്രയോഗിച്ച് അകപ്പെടുത്തുകയാണ് ചെയ്യുന്നത്. ദാരിദ്ര്യവും ജീവിതക്ലേശങ്ങളും, സമൂഹത്തിൽ സ്ത്രീകൾക്ക് ലഭിക്കുന്ന രണ്ടാംതരം പദവി, പെൺശിശുക്കൾക്കെതിരായുള്ള മുൻവിധി, കുടുംബഘടനയിലെ ബലക്ഷയം, അണുകുടുംബവൽക്കരണം, ലൈംഗികതയെയും സദാചാരത്തെയും പറ്റി പൊതുമനോഭാവത്തിൽ വന്നിട്ടുള്ള

മാറ്റങ്ങൾ, നഗരവൽക്കരണം, ദേശാന്തരഗമനം എന്നിവയും അതുപോലെയുള്ള മറ്റ് ഘടകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്കും വാണിജ്യപരമായ ലൈംഗിക ചൂഷണത്തിനും കാരണമായിട്ടുണ്ട്.

3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളെ താഴെപ്പറയുന്ന രീതിയിൽ പൊതുവേ തരംതിരിക്കാം.

(എ) അപരിചിതരായ വ്യക്തികൾ നടത്തുന്ന കുറ്റകൃത്യങ്ങൾ;

(ബി) പരിചിത വ്യക്തികൾ നടത്തുന്ന കുറ്റകൃത്യങ്ങൾ.

4. മനുഷ്യക്കടത്താണ് ലോകത്തിലെ മൂന്നാമത്തെ സംഘടിത കുറ്റകൃത്യം. അതിനെ ഐക്യരാഷ്ട്ര സംഘടന നിർവ്വചിക്കുന്നത് "റിക്രൂട്ട്മെന്റ്, കടത്തിക്കൊണ്ടുപോകൽ, കൈമാറ്റം, ഭീഷണി, ബലപ്രയോഗം, ചതി, തട്ടിക്കൊണ്ടു പോകൽ, വഞ്ചന, അധികാരദുർവ്വിനിയോഗം, സാമ്പത്തിക പ്രലോഭനങ്ങൾ എന്നിവയിലൂടെ ചൂഷണത്തിന് വിധേയരാക്കുക" എന്നാണ്.

- ചൂഷണം എന്നാൽ മറ്റൊരാളെക്കൊണ്ടു വേശ്യാവൃത്തി ചെയ്യിക്കൽ, പലതരത്തിലുള്ള ലൈംഗിക ചൂഷണം, നിർബ്ബന്ധിത തൊഴിലെടുപ്പിക്കൽ, അടിമത്വം അല്ലെങ്കിൽ സമാനമായ സ്വാതന്ത്ര്യം ഹനിക്കൽ, അവയവം നീക്കം ചെയ്യൽ എന്നിവ ഉൾപ്പെടുന്നു.
- മേൽപ്പറഞ്ഞ അവസ്ഥകളിലെല്ലാംതന്നെ പീഡിതയുടെ 'സമ്മതം' അപ്രസക്തമാണ്.
- 18 വയസ്സിന് താഴെയുള്ള കുട്ടിയെ സ്വീകരിക്കൽ, വേശ്യാവൃത്തിക്ക് തെരഞ്ഞെടുക്കൽ, മറ്റൊരിടത്തേക്ക് കൊണ്ടുപോകൽ, കൈമാറ്റം തുടങ്ങിയ കാര്യങ്ങൾ ചൂഷണവും വാണിഭവുമാകുന്നു.

ഈ നയത്തിൽ ബാലപീഡനം, ലൈംഗികാതിക്രമം, വേശ്യാവൃത്തിക്ക് വേണ്ടിയുള്ള പെൺവാണിഭം എന്നിവയ്ക്കായിരിക്കും പ്രാധാന്യം നൽകുന്നത്.

5. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന്, മൂന്ന് പ്രധാന മേഖലകളിലെ ഇടപെടലുകൾ അത്യാവശ്യമാണ്.

*തടയൽ.*—ഈ പ്രശ്നത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തുക. ചൂഷണ വിധേയരാകാൻ സാധ്യതയുള്ളവർക്ക് ബോധവത്കരണം നടത്തുകവഴി, പ്രധാന കാരണങ്ങളായ ലിംഗവിവേചനം, മദ്യപാനം, ഉപഭോഗാസക്തി ഇവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിച്ച്, ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള പ്രവണതകൾ പോലും മുൻകൂട്ടി തടയുക.

*സംരക്ഷണം.*—ശക്തമായ തിരുത്തൽ നടപടികൾക്കും, പരിഹാരനടപടികൾക്കും തുടക്കം കുറിച്ചുകൊണ്ട് പീഡിതകൾക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നേടി സ്വന്തം സമൂഹത്തിൽ പുന:പ്രവേശനത്തിന് ആവശ്യമായ സംരക്ഷണ സേവനങ്ങൾ നൽകുക.

*വിചാരണ.*—ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനായി നിയമത്തിന്റെ ശക്തമായ ഇടപെടലും, നിയമം നടപ്പാക്കലും.

6. ലൈംഗിക വാണിഭത്തിന്റേയും അതിക്രമങ്ങളുടേയും ഇരകളാകേണ്ടി വരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി മേൽപ്പറഞ്ഞ എല്ലാ മേഖലകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായൊരു പദ്ധതി ആവിഷ്ക്കരിക്കേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു.

## IV. സംസ്ഥാന പ്രതിബദ്ധത

1. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഗൗരവമായ കുറ്റകൃത്യങ്ങളാണെന്ന് കേരള സർക്കാർ തിരിച്ചറിയുന്നു. ഇവയ്ക്ക് ഇരയായവർക്ക് ശാശ്വതമായ സഹായവും കുറ്റവാളികൾക്ക് കർശനമായ ശിക്ഷയും ഉറപ്പുവരുത്തുകയും ഇക്കാര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ സാഹചര്യം ഒരുക്കുകയും ചെയ്യേണ്ടതാണ്. അതുവഴി സർക്കാരിന്റെ പ്രതിബദ്ധതയും, ബാധ്യതയും പ്രഖ്യാപിക്കുന്നു. ഈ സാമൂഹ്യ വിപത്തുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളെയും ആശങ്കകളെയും അവയുടെ പൂർണ്ണ വ്യാപ്തിയിൽത്തന്നെ ഉൾക്കൊള്ളുന്ന നയരൂപീകരണമാണ് ഉദ്ദേശിക്കുന്നത്. ഈ വിപത്തിനെ നേരിടുന്നതിലേക്കായുള്ള വിവിധ പ്രവർത്തനങ്ങൾക്കും നടപടികൾക്കും മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിന് അത്തരമൊരു രൂപരേഖ വളരെയധികം സഹായകരമായിരിക്കും. ഈ നയത്തിന്റെ നടത്തിപ്പി

നായി ബജറ്റിൽ പ്രത്യേക തുക വകയിരുത്തുന്നതാണ്. ഇതിന്റെ ലക്ഷ്യപ്രാപ്തി സമയബന്ധിതമായി ഉറപ്പുവരുത്തുവാൻ വേണ്ട വകുപ്പുതല ഏകോപനം സാധ്യമാക്കുന്നതുമാണ്.

2. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ കണക്കിലെടുത്ത്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും, ലൈംഗിക വാണിഭവും കൈകാര്യം ചെയ്യുവാനായി ലൈംഗിക വാണിഭ വിരുദ്ധ നടപടികൾ, സാമ്പത്തിക ശാക്തീകരണം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, ഭവന നിർമാണം, നിയമപരിഷ്കാരങ്ങൾ, കരുതൽ/സുരക്ഷാ ശൃംഖല രൂപീകരണം, പ്രതികരണശേഷി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പ്രചാരണങ്ങൾ എന്നീ വിവിധ ഘടകങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു സമഗ്രപദ്ധതിയിലൂടെയാവണം ഈ നയപരിപാടി നടപ്പിൽ വരുത്തേണ്ടത്. ഈ പദ്ധതി 'നിർഭയ' എന്ന പേരിലായിരിക്കും അറിയപ്പെടുക. പദ്ധതി നിർവ്വഹണത്തിനായി ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കേണ്ടതാണ്. ലൈംഗിക പീഡിതർ മറ്റ് മാർഗങ്ങളൊന്നും ലഭ്യമല്ലാതെ വീണ്ടും ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന സാഹചര്യം ഒഴിവാക്കാനായി അവർക്ക് മനഃശാസ്ത്രപരമായ പിൻബലവും സാമ്പത്തിക ശാക്തീകരണവും പുനരേകീകരണവും പ്രദാനം ചെയ്യേണ്ടതാണ്. ഇതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുവാനും, ലൈംഗിക ചൂഷണത്തിന്റെ രൂഢമൂലമായ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുവാനും വേണ്ടി തദ്ദേശ തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഏകോപനവും ആസൂത്രണവും ആവശ്യമാണ്. ഈ പ്രശ്നത്തെ സൂക്ഷ്മമായി കൈകാര്യം ചെയ്യുവാനായി സർക്കാർതലത്തിലെ സ്ഥാപന പരമായ തയ്യാറെടുപ്പുകളും കാര്യക്ഷമതയും ഉറപ്പുവരുത്തിക്കൊണ്ടും പൗരസമൂഹത്തെ സഹകരിപ്പിച്ചുകൊണ്ടും ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ട താണ്.

3. രാജ്യത്തിന് തന്നെ മാതൃകയായ കേരളത്തിലെ ശക്തമായ അധികാര വികേന്ദ്രീകരണ സംവിധാനങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ഈ കുറ്റകൃത്യങ്ങളുടെ അടിവേരറുക്കാനും വിവിധ വകുപ്പുതല പ്രവർത്തനങ്ങളെ അടിസ്ഥാനതലത്തിൽ തന്നെ ഏകോപിപ്പി ക്കുവാനും സാധിക്കുന്നതാണ്. സാമൂഹ്യമാറ്റത്തിനും, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ ഒരു ലോകം പ്രദാനം ചെയ്യുന്നതിനും യുദ്ധകാല അടിസ്ഥാനത്തിൽ തന്നെ പ്രവർത്തിക്കേണ്ടതാണ്.

4. ബാലപീഡനത്തിനെതിരെയുള്ള സുപ്രീംകോടതി വിധികൾ കർശനമായും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. പീഡിതരായ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## V. ചുമതലാ നിർവ്വഹണ സംവിധാനങ്ങൾ

ലൈംഗിക ചൂഷണത്തിനും, പീഡനം, വാണിഭം എന്നിവയ്ക്കും വിധേയരാകുന്നവരുടെ സംരക്ഷണം, മോചനം, പുനരധിവാസം എന്നീ കാര്യങ്ങളിൽ പ്രാദേശിക ഇടപെടലുകൾക്ക് ഉത്തരവാദിത്വമേടുക്കേണ്ടത് പ്രധാനമായും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളായ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയാണ്. ഇതോടൊപ്പം ജാഗ്രതാ സമിതികൾക്കും കുടുംബശ്രീക്കും താഴെത്തട്ടിൽ മുഖ്യമായ പങ്കാളിത്തം ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിൽ തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധ്യമുള്ള സ്ത്രീപുരുഷൻമാരുടെ ശക്തമായ പങ്കാളിത്തവും സഹായവും ഏറെ പ്രാധാന്യമുള്ളതാണ്. നിലവിലുള്ള ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതോടൊപ്പം തദ്ദേശഭരണ സംവിധാനങ്ങളെ ഈ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കേരള വനിതാ കമ്മീഷന്റെ കീഴിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളെ ഈ വിപത്തിനെതിരെ പോരാടാൻ ശക്തിപ്പെടുത്തേണ്ടതും ബോധവൽക്കരിക്കേണ്ടതും അത്യാവശ്യമാണ്. കുടുംബശ്രീയുടെ പ്രാദേശികമായ സംഘാടനവും സ്ത്രീശക്തിയും സാമൂഹ്യ ഇടപെടലുകളും ഈ പ്രതിരോധ പ്രവർത്തനങ്ങളുടെ കരുത്ത് വർദ്ധിപ്പിക്കാൻ പ്രയോജനപ്പെടുത്താവുന്നതാണ്. ഈ നയം നടപ്പിലാക്കേണ്ടത് മൂന്ന് തലങ്ങളിലൂടെ ആയിരിക്കണം.

1. പഞ്ചായത്ത്/നഗരസഭ
2. ജില്ലാതലം
3. സംസ്ഥാനതലം

2. നിർഭയ പദ്ധതി നടപ്പിലാക്കുന്ന ഏറ്റവും പ്രധാന കണ്ണി ഗ്രാമീണ/നഗരതലത്തിലെ പ്രാദേശിക ഭരണ സംവിധാനത്തിലുള്ള ജാഗ്രതാ സമിതികളാണ്.

ജാഗ്രതാ സമിതിയിൽ ഉൾപ്പെടുന്നവർ,—

1. പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ (ചെയർപേഴ്സൺ).
2. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ.
3. വനിതാ പഞ്ചായത്ത് മെമ്പർ/വാർഡ് കൗൺസിലർ.
4. പ്രാഥമിക ആരോഗ്യകേന്ദ്രം/സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ.
5. കുടുംബശ്രീ CDS ചെയർപേഴ്സൺ.
6. വനിതാ അഭിഭാഷക (ജില്ലാ നിയമ സഹായ അതോറിറ്റി നിർദ്ദേശിക്കുന്ന ആൾ).
7. സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ.
8. പട്ടികജാതി/പട്ടികവർഗ്ഗ പഞ്ചായത്ത് പ്രതിനിധി(വനിത)/സാമൂഹ്യ പ്രവർത്തക.
9. വാർഡ്തല ജാഗ്രതാ സമിതിയുടെ കൺവീനർ.
10. ഐ.സി.ഡി.എസ്. സൂപ്പർവൈസർ/സി.ഡി.പി.ഒ. (കൺവീനർ).

3. ജാഗ്രതാ സമിതികളുടെ നിലവിലുള്ള സഹായ സംവിധാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വാർഡ് കൗൺസിലർമാർ, സ്ത്രീ സംഘടനകളുടെ പ്രതിനിധികൾ, രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നതാണ്.

4. ജാഗ്രതാ സമിതികളുടെ നയങ്ങളും, പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി നിർഭയ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് സഹായകരമാംവണ്ണം മാറ്റിയെടുക്കേണ്ടതായുണ്ട്. ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സ്ക്വാഡിലെ പോലീസ് ഉദ്യോഗസ്ഥൻ, സ്ത്രീകളുടേയും കുട്ടികളുടെയും മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ ഇവരുടെ സേവനം ലഭ്യമാക്കാവുന്ന വിധത്തിൽ ജാഗ്രതാ സമിതികളെ ശാക്തീകരിക്കേണ്ടതാണ്.

5. നിർഭയ പോളിസിയുടെ ഇടപെടലുകൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ നിർഭയ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്.

പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.

- ചെയർ പേഴ്സൺ, ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി .. ചെയർപേഴ്സൺ
- ജില്ലാ കളക്ടർ .. വൈസ് ചെയർപേഴ്സൺ
- ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ .. കൺവീനർ
- ജില്ലാ പ്രൊബേഷൻ ഓഫീസർ .. ജോയിന്റ് കൺവീനർ

<u>അംഗങ്ങൾ</u>

- പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർ
- ജില്ലാ മെഡിക്കൽ ഓഫീസർ
- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
- ജില്ലാ പ്രോജക്ട് ഓഫീസർ, സർവ്വ ശിക്ഷാ അഭിയാൻ
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
- കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ
- വനിതാ പ്രൊട്ടക്ഷൻ ഓഫീസർ (PWDV Act)
- ജില്ലാ പ്രൊബേഷൻ ഓഫീസർ (J.J. Act)
- പട്ടികവർഗ്ഗ വികസന ഓഫീസർ
- നോഡൽ ഓഫീസർ, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സ്ക്വാഡ്
- ബന്ധപ്പെട്ട സർക്കാർ കെയർ സ്ഥാപനങ്ങളുടെ മേധാവി
- ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി പ്രതിനിധി
- കേരള മഹിളാ സമഖ്യാ സൊസൈറ്റി പ്രതിനിധി
- ജില്ലാതല ജാഗ്രതാ സമിതി പ്രതിനിധി (അനൗദ്യോഗിക അംഗം)
- ചെയർമാൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി

- ചൈൽഡ് ലൈൻ പ്രതിനിധി
- ജില്ലാ ജാഗ്രതാ സമിതിയുടെ 3 പ്രതിനിധികൾ
- പദ്ധതിയിൽ സഹകരിച്ചു പ്രവർത്തിക്കുന്ന സർക്കാരേതര സംഘടനകളുടെ മൂന്ന് പ്രതിനിധികൾ.

6. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും, ലൈംഗിക ചൂഷണവും, വാണിഭവും പ്രതിരോധിക്കുന്നതിനും ചുമതലയുള്ള മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കാര്യക്ഷമത അവലോകനം ചെയ്യുകയും ചെയ്യേണ്ടത് ജില്ലാ നിർഭയ സമിതി ആണ്.

7. ജില്ലാ നിർഭയ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വകുപ്പുകൾ തമ്മിലും വ്യത്യസ്ത മേഖലകൾ തമ്മിലും ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും, താഴെപ്പറയുന്നവർ അംഗങ്ങളും ആയി ഒരു സംസ്ഥാനതല ഏകോപന സമിതി രൂപീകരിക്കേണ്ടതാണ്.

- പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി .. വൈസ് ചെയർമാൻ
- യുവജനകാര്യ വകുപ്പുമന്ത്രി .. വൈസ് ചെയർപേഴ്സൺ
- സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി .. കൺവീനർ

<u>അംഗങ്ങൾ</u>

- ചീഫ് സെക്രട്ടറി
- ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- ഡയറക്ടർ ജനറൽ ഓഫ് പോലീസ്
- ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

- പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
- നിയമവകുപ്പ് സെക്രട്ടറി
- 3 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ (ജില്ലാതല നിർഭയ കമ്മിറ്റി മേധാവികൾ)
- കേരള വനിതാ കമ്മീഷൻ അംഗം
- പൊതു വിദ്യാഭ്യാസ ഡയറക്ടർ
- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
- കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് കോ-ഓഡിനേറ്റർ
- മെമ്പർ സെക്രട്ടറി, KELSA
- സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ
- കേരളാ സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ
- മഹിളാ സമഖ്യ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ
- നിർഭയ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രതിനിധി
- സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സർക്കാരേതര സംഘടനകൾ/സാമൂഹ്യ പ്രവർത്തകർ.

8. സംസ്ഥാനതല ഏകോപനസമിതി നാല് മാസത്തിൽ ഒരു തവണ യോഗം ചേരേണ്ടതാണ്. ഈ സമിതി യോഗം ചേർന്ന് പദ്ധതിയുടെ സ്ഥിതി വിലയിരുത്തേണ്ടതും വകുപ്പുതല ഏകോപനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുമാണ്.

സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കും. പ്രസ്തുത കമ്മിറ്റിയിൽ ഔദ്യോഗിക അംഗങ്ങളും, അനൗദ്യോഗിക

അംഗങ്ങളും ഉണ്ടായിരിക്കും. ഈ കമ്മിറ്റിയുടെ പ്രഥമ ഉത്തരവാദിത്വം പഞ്ചായത്ത്, ജില്ലാതല നിർഭയ കമ്മിറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയെന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ഒരു പ്രത്യേക നിർഭയ സെൽ രൂപീകരിക്കും. പ്രസ്തുത സെല്ലിന്റെ ചുമതല ജോയിന്റ് ഡയറക്ടർ റാങ്കിലെ ഒരു ഉദ്യോഗസ്ഥനായിരിക്കും. സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ നിർഭയ സെല്ലിൽ പ്രവർത്തിക്കും. പ്രസ്തുത സെൽ അവരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് സമർപ്പിക്കണം.

## VI. നിർഭയ

1. ലൈംഗിക വാണിഭവും, ലൈംഗിക അതിക്രമവും ഹീനമായ കുറ്റകൃത്യങ്ങളാണെങ്കിലും രണ്ടിനേയും നേരിടേണ്ട വിധം വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ ആദ്യത്തേത് ഒരു സംഘടിതകുറ്റകൃത്യവും അറിഞ്ഞുകൊണ്ടുള്ള തയ്യാറെടുപ്പോടെ ശക്തമായ വാണിജ്യ/ധനപരമായ ലക്ഷ്യങ്ങളോടെയുള്ള ചൂഷണവുമാണ്. രണ്ടാമത്തേത് അസംഘടിതരായ വ്യക്തികൾ ധനപരമായ ലക്ഷ്യങ്ങളോടെയും അല്ലാതെയും നടത്തുന്നതാണ്. അതുകൊണ്ട് ഈ രണ്ട് തരത്തിലുള്ള കുറ്റകൃത്യങ്ങളും നേരിടുന്നതിനായി വ്യത്യസ്തമായ ഇടപെടലുകൾ ആയിരിക്കും നിർഭയ ഏറ്റെടുക്കുന്നത്.

2. നിർഭയ പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ മുതലായവയുടെ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ നടത്തിപ്പ് ഉറപ്പുവരുത്തേണ്ടത് പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതലങ്ങളുടെ ഏകോപന സമിതികളാണ്. പഞ്ചായത്ത്, ജില്ലാ സ്റ്റേറ്റ് ലെവൽ കമ്മിറ്റികളുടെ എല്ലാം നോഡൽ വകുപ്പ് സാമൂഹ്യക്ഷേമ വകുപ്പ് ആയിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണവും സാമൂഹ്യക്ഷേമ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

നിർഭയ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ താഴെപറയുന്ന വിധമാണ്.

# VII. പ്രതിരോധം

ലൈംഗിക അതിക്രമത്തേയും ലൈംഗിക വാണിഭത്തേയും എതിരിടുന്നതിനുള്ള ഏതൊരു നയത്തിന്റേയും വിജയത്തിന് അടിസ്ഥാനം ശക്തമായ പ്രതിരോധ തന്ത്രങ്ങളാണ്.

## സംസ്ഥാന ഏകോപന സമിതിയുടെ പങ്ക്

എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ഏജൻസികളും അവരവരുടെ ഉത്തരവാദിത്വം നിർവഹിക്കുന്നു എന്ന് സംസ്ഥാന ഏകോപന സമിതി ഉറപ്പു വരുത്തേണ്ടതാണ്. അവയിൽ ചിലത് താഴെ സൂചിപ്പിക്കുന്നു:

- പ്രായത്തിന് അനുയോജ്യമായതും കുട്ടികളുടെ അവകാശങ്ങളിൽ ഊന്നിയതും, ലിംഗഅവബോധം ഉള്ളതുമായ ജീവിതനൈപുണ്യ വിദ്യാഭ്യാസം, സംസ്ഥാന സ്കൂൾ പാഠ്യക്രമത്തിൽ സംയോജിപ്പിക്കേണ്ടതാണ്. ഇതിൽ പ്രധാനമായും, സ്ത്രീത്വത്തിന്റെയും, പൗരുഷത്തിന്റെയും ശരിയായ നിർവചനം, ലിംഗഭേദവും ലൈംഗികതയും, "ശരിയായ സ്പർശ"വും "തെറ്റായ സ്പർശ"വും തമ്മിൽ തിരിച്ചറിയൽ, തെറ്റുകളോട് "അരുത്" എന്ന് ഉറപ്പിച്ചു പറയുവാനുള്ള ധൈര്യം, പ്രലോഭനങ്ങളെ നേരിടൽ, തർക്കപരിഹാരക്കഴിവുകൾ, മദ്യം, മയക്കു മരുന്ന് ഇവയുടെ ഉപയോഗം ഒഴിവാക്കൽ, ആത്മാഭിമാനം, മൂല്യാധിഷ്ഠിത ജീവിതം, ലിംഗപദവി വ്യത്യാസങ്ങൾ, എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

- വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇതുമായി ബന്ധപ്പെട്ട് സംയോജിപ്പിക്കേണ്ട മറ്റ് കാര്യങ്ങൾ താഴെപ്പറയുന്നു:

  - ലിംഗഭേദവീക്ഷണവും, മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുന്നതിനായി അധ്യാപകരെ പരിശീലനത്തിലൂടെ പ്രാപ്തരാക്കുക.
  - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആൺ-പെൺ കുട്ടികൾ തമ്മിൽ ആരോഗ്യകരമായ ഇടപെടലുകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം കൃത്രിമമായ വേർതിരിവ് ഒഴിവാക്കേണ്ടതാണ്.
  - സ്കൂൾ കൗൺസലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തണം.
  - സ്കൂളുകളിൽ സഹായകേന്ദ്രങ്ങൾ (Helpdesk) സ്ഥാപിക്കണം.

- അധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും ഇടയിൽ നിന്ന് കൗൺസിലർമാരെ കണ്ടെത്തുകയും പ്രവർത്തനം ഏകോപിപ്പിക്കുകയും വേണം.

- ബാലപീഡിതരെ തിരിച്ചറിയുന്നതിനും സഹായിക്കുന്നതിനുമുള്ള പരിശീലനം അധ്യാപകർക്കും, അധ്യാപക രക്ഷാകർത്തൃ സമിതി അംഗങ്ങൾക്കും, ജീവനക്കാർക്കും നൽകുക.

- പീഡകരാകാൻ സാധ്യതയുള്ള കുട്ടികളെയും മുതിർന്നവരെയും കണ്ടെത്തി ആവശ്യമായ കൗൺസലിംഗ് നൽകുക.

- ലൈംഗിക അതിക്രമങ്ങൾ നിമിത്തമുണ്ടായ പ്രശ്നങ്ങൾ നേരിടുന്നതിലും, പീഡിതരെ പുനരധിവസിപ്പിക്കുന്നതിലും പരിശീലനം സിദ്ധിച്ച രക്ഷാകർത്തൃ സഹായ ശൃംഖലകൾ വികസിപ്പിക്കേണ്ടതാണ്.

- മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും പ്രശ്നങ്ങൾ ക്ഷമയോടെ സശ്രദ്ധം നേരിടുക.

- സ്കൂളുകളുടെ ചുറ്റുപാടുകളിൽ കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുക (crime mapping). ലൈംഗിക പീഡനാതിക്രമങ്ങൾ നേരിടുന്നതിന് ബന്ധപ്പെട്ട അധികാരികളുമായി സഹകരിച്ച് പ്രവർത്തിക്കുക.

- അനാഥാലയങ്ങളിലെ കുട്ടികളുടേയും കെയർ ഹോമുകളിലെ സ്ത്രീകളുടേയും സംരക്ഷണത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക.

- തദ്ദേശ സ്വയംഭരണ, ജില്ലാതല ജാഗ്രത സമിതികളുടെ ശാക്തീകരണം, പുനരേകീകരണം—നയം വ്യക്തമാക്കൽ, ഉദ്യോഗസ്ഥ പുനർവിന്യാസം, പദ്ധതി അധിഷ്ഠിത ഇടപെടലുകളും - റിപ്പോർട്ടിംഗും, വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും ഏകോപനം, ചുമതലാ നിർവാഹകരുടെ തീവ്രശാക്തീകരണം എന്നിവ സമിതികളുടേയും സഹകരിക്കുന്ന മറ്റ് സംഘടനകളുടേയും സഹായത്തോടെ ശക്തിപ്പെടുത്തേണ്ടതാണ്.

- ബഹുജനമാധ്യമങ്ങളുടെ സഹായം നിർഭയ പദ്ധതികൾക്ക് ഉറപ്പാക്കുക. ലൈംഗിക വാണിഭം, മദ്യപാനം, അന്യ സംസ്ഥാനങ്ങളിൽ തൊഴിൽതേടി പോകുന്നവരുടെ സുരക്ഷിതത്വം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് താരങ്ങളെയും ബഹുമാന്യവ്യക്തികളേയും ഉൾപ്പെടുത്തി ശ്രവ്യ, ദൃശ്യ മാധ്യമങ്ങളായ പരസ്യ ചിത്രങ്ങൾ, ലഘു ചിത്രങ്ങൾ തുടങ്ങിയവ തയ്യാറാക്കുക. അവ റയിൽവേ സ്റ്റേഷൻ, വിമാനത്താവളം, സിനിമ തീയേറ്റർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കലാലയങ്ങൾ തുടങ്ങിയിടങ്ങളിൽ പ്രദർശിപ്പിക്കുക.

- ലൈംഗികാതിക്രമത്തിന് ഇരയായവരുടേയും അവരുടെ കുടുംബ അംഗങ്ങളുടേയും അതുപോലെതന്നെ കുറ്റവാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ആവശ്യം കേന്ദ്രീകരിച്ച് ഈ മേഖലയിൽ കൗൺസലിംഗ് നൽകുന്നതിനുള്ള പ്രത്യേക പഠന കോഴ്സുകൾ നടത്തുന്നതിന് സഹായം നൽകുക.

- അതിർത്തി പ്രദേശങ്ങളിലും, ആദിവാസി മേഖലകളിലും ഉൾപ്പെട്ടവർക്ക് വിപുലമായ ബോധവൽക്കരണ പരിപാടികൾ വിവിധ രാഷ്ട്രീയ, സാമൂഹ്യ, മതസംഘടനകളുടെ സഹകരണത്തോടെ ആസൂത്രണം ചെയ്യുക.

- ലൈംഗിക അതിക്രമങ്ങളുടെ രൂക്ഷത മനസ്സിലാക്കാൻ, ലൈംഗികാതിക്രമങ്ങൾ, ലൈംഗിക വാണിഭം എന്നിവയെപ്പറ്റി സൂക്ഷ്മമായ ഗവേഷണ പഠനങ്ങൾ നടത്തി അവയുടെ നിവാരണത്തിന് വേണ്ടിയുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുക.

- കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.സി.പി.എസ്. (സംയോജിത ശിശു സംരക്ഷണ പദ്ധതി), ഉജ്ജ്വല, സ്വാധാർ എന്നീ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തുക.

- ലൈംഗികാതിക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോ പിൻതുണയ്ക്കുന്നതോ ആയ പരിപാടികളും, റിപ്പോർട്ടുകളും തിരിച്ചറിയാനായി ഒരു മാധ്യമ നിരീക്ഷണം (media watch) ഏർപ്പെടുത്തുകയും ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യുക.

## ജില്ലാതല നിർഭയ കമ്മിറ്റി

1. ജില്ലാതല നിർഭയ പദ്ധതികളുടെ നടത്തിപ്പിന് ജില്ലാതലത്തിൽ പ്ലാൻ ഉണ്ടാക്കുക, നടത്തിപ്പിനെപ്പറ്റി വാർഷികാവലോകനം നടത്തുക.

2. കേരളാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായത്തോടെ പാരാലീഗൽ വോളന്റിയേഴ്സിന് പ്രാദേശികതലത്തിൽ ശാക്തീകരണ പരിശീലനം നൽകുക.

3. ബസ് സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ സ്ത്രീകൾക്കും, കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങളെയും ലൈംഗിക വാണിഭത്തെയും തടുക്കുന്നതിനെ കുറിച്ചുള്ള പരസ്യ പ്രചാരണ സന്ദേശങ്ങൾ അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ നൽകുക.

4. സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പുമായി സഹകരിച്ച് തെരുവു നാടകങ്ങൾ, നാടൻ കലാരൂപങ്ങൾ, സിനിമ, റേഡിയോ ഇവ മുഖേന സാംസ്ക്കാരിക ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും സംഘടിപ്പിക്കുക.

5. പഞ്ചായത്ത്, നഗര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാതല സ്ഥാപനങ്ങൾ, ജനമൈത്രി, പാരാലീഗൽ വോളന്റിയേഴ്സ്, സാമൂഹ്യ വികസന സമിതികൾ, ജാഗ്രതാ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിയുന്ന ബ്ലോക്ക് തല ക്ലസ്റ്റർ ജെന്റർ റിസോഴ്സ് കേന്ദ്രങ്ങൾക്ക് പിന്തുണ നൽകുക.

6. കുടുംബശ്രീയുടെ ജെന്റർ സെൽഫ് ലേണിംഗ് പ്രോഗ്രാമുമായി കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തുക.

7. സ്ത്രീശക്തി പോർട്ടലിലെ പങ്കാളിത്തം മെച്ചപ്പെടുത്തുക.

8. പരിശീലനത്തിലൂടെയും, പ്രൊഫഷണൽ കൗൺസലിംഗ് സ്ഥാപനങ്ങൾ/ കേന്ദ്രങ്ങൾ വഴിയുള്ള സഹായത്തോടെയും PWDV (ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം), J.J. ആക്ട് (ജുവനൈൽ ജസ്റ്റിസ് ആക്ട്) തുടങ്ങിയവയുടെ കീഴിലുള്ള സേവനദാതാക്കളുമായി ബന്ധപ്പെടുത്തിയും സാമൂഹ്യ കൗൺസലേഴ്സിനെ പിന്തുണയ്ക്കുക.

9. ഗാർഹിക പീഡനനിരോധന നിയമത്തിൻകീഴിലെ പ്രൊട്ടക്ഷൻ ഓഫീസർമാർ, ICPS –ന്റെ പ്രവർത്തന സംവിധാനങ്ങൾ, ചൈൽഡ് ലൈൻ, ഇതര ബാലസംരക്ഷണ സംവിധാനങ്ങൾ എന്നിവയുടെ സഹകരിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തുക.

10. അതിർത്തി ആദിവാസി മേഖലകളിൽ സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കുമുള്ള കുടിയേറ്റ രീതികൾ കാലികമായി വിലയിരുത്തുക. അനുയോജ്യമായ ജീവിതമാർഗ്ഗങ്ങൾ നൽകിക്കൊണ്ട്, ദുർബല മേഖലകളായ അതിർത്തി ആദിവാസി മേഖലകളിൽനിന്നും ഉണ്ടാകുന്ന ദുരിത പലായനം തടയാൻ നടപടി സ്വീകരിക്കുക.

11. ആപത്ത് സംഭവിക്കുന്നതിന് മുൻപായിതന്നെ സഹായത്തിനെത്താനും ഉപദേശം നൽകാനും സഹായാർത്ഥമുള്ള മറ്റ് ഏർപ്പാടുകൾ ചെയ്യുവാനുമായി സെൽഫോണുകളിൽ കൂടിപ്പോലും ബന്ധപ്പെടുവാൻ ടോൾഫ്രീ ഹെൽപ്പ് ലൈനുകൾ സ്ഥാപിക്കുക.

## പഞ്ചായത്ത് നഗരസഭാ ജാഗ്രതാ സമിതിയുടെ ചുമതലകൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരേതര സംഘടനകൾ എന്നിവയുടെ സഹായത്തോടെ സ്ത്രീ പുരുഷസമത്വം, സമീകൃത ഉപഭോഗം, മദ്യവർജ്ജനം, സ്ത്രീധന വിരുദ്ധത, സുരക്ഷിത കുടിയേറ്റം എന്നിവ പ്രോത്സാഹിപ്പിക്കുകയും, മേൽപ്പറഞ്ഞ കാര്യങ്ങളാൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങളുടെ വിപത്തുകൾ തടുക്കാനായി പ്രചാരണ പരിപാടികൾ നടത്തുകയും ചെയ്യുക.

2. ലൈംഗിക അതിക്രമങ്ങൾക്ക് സാധ്യത കൂടുതലുള്ള മേഖലകളെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, ഇത്തരം അതിക്രമങ്ങൾക്കെതിരെ പൊതുജനങ്ങളിൽ നിന്നുള്ള പ്രതിരോധ നടപടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും വേണ്ടി പ്രാദേശിക ഭരണതലത്തിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രചരണ പരിപാടികൾ നടത്തുക.

3. ഈ വിപത്തുകൾക്കെതിരായി സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ പ്രാപ്തരായ യുവാക്കളെയും, പുരുഷൻമാരെയും സംഘടിപ്പിച്ച് അവരിൽകൂടി സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും അതുവഴി ലൈംഗിക ചൂഷണത്തിന്റെ വ്യാപ്തി കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4. ലൈംഗിക പീഡനത്തിന് വിധേയരായവർക്ക് മനഃശാസ്ത്രപരമായ ഉപദേശവും വൈദ്യസഹായവും നിയമസഹായവും നൽകാനും സുരക്ഷിത കേന്ദ്രങ്ങളിലേക്ക് പറഞ്ഞയയ്ക്കാനുമായി ക്രൈസിസ് സെല്ലുകൾ ആരംഭിക്കുക.